## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6468

11.07.2012-ൽ മറുപടിയ്ക്ക്

### അനീഷ് രാജ് കൊലക്കേസ്-പ്രതികളെ കണ്ടെത്താൻ സമരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ അവർക്ക് ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശം പോലീസ് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അനീഷ് രാജിന്റെ കൊലപാതകികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്ത് എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾക്ക് നേരെ പോലീസ് കടന്നാക്രമണങ്ങളും ലാത്തിച്ചാർജ്ജും ടിയർഗ്യാസ് പ്രയോഗവും നടത്തിയത് അറിയാമോ; അതിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയുണ്ടായി; | (ബി) | 14.6.2012 നും, 18.6.2012 നും നടന്ന സമരങ്ങൾ അക്രമാസക്തമായ സന്ദർഭത്തിൽ അവരെ പിരിച്ചു വിടാനായി നിയമ പ്രകാരമുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതിൽ ആകെ 31 പേർക്ക് പരിക്കേൽക്കുകയുണ്ടായി. |
| (സി) | സംഭവം സംബന്ധിച്ച് ഡി.ജി.പി. പ്രത്യേക അന്വേഷണം നടത്തുകയുണ്ടായോ; അന്വേഷണ റിപ്പോർട്ട് സഭയിൽ വയ്ക്കാമോ; | (സി) | അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ റിപ്പോർട്ട് സഭയിൽ വയ്ക്കുവാൻ നിർവ്വാഹമില്ല. |
| (ഡി) | സംഭവത്തിനുത്തരവാദികളായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു? | (ഡി) | ഒരു GASI, മൂന്ന് CPO മാർ എന്നിവർക്കെതിരെ വിശദമായ അന്വേഷണം നടത്തുന്നതിന് ഉത്തരവിട്ടിട്ടുണ്ട്. മേൽ CPO മാരെ കൊല്ലം സിറ്റി കൊല്ലം റൂറൽ, പത്തനംതിട്ട എന്നിവിടങ്ങളിലേക്ക് സ്ഥലം മാറ്റുവാനും ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ